പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1769 — 14.07.2011 - ൽ മറുപടിക്ക്

## പകർച്ചവ്യാധികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജമീലാ പ്രകാശം:<br>ശ്രീ. സി.കെ. നാണു:<br>" മാത്യു റ്റി. തോമസ്:<br>" ജോസ് തെറ്റയിൽ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ കണക്കിലെടുത്ത് ഏതെല്ലാം ജില്ലകളിൽ രോഗപ്രതിരോധ നടപടികൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പകർച്ചവ്യാധികൾ കണക്കിലെടുത്ത് എല്ലാ ജില്ലകളിലും ഊർജ്ജിതമായ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |
| (ബി) ആരോഗ്യവകുപ്പിന്റെ ഏതെല്ലാം വിഭാഗങ്ങളാണ് രോഗപ്രതിരോധ നടപടികളിൽ ഏർപ്പെട്ടിരിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ, ഫീൽഡ് വിഭാഗം ജീവനക്കാരായ ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ, ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, മലേറിയ ഇൻസ്പെക്ടർ, ഫീൽഡ് അസിസ്റ്റന്റ്, ഇൻസെക്ട് കളക്ടർ, ലാബോറട്ടറി ടെക്നീഷ്യൻ, ഫീൽഡ് വർക്കർമാർ എന്നിവരാണ് രോഗപ്രതിരോധ നടപടികളിൽ ഏർപ്പെട്ടിരിക്കുന്നത്.<br><br>ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ജില്ലാ മെഡിക്കലോഫീസറുടെ കീഴിൽ അഡീഷണൽ ജില്ലാ മെഡിക്കലോഫീസർ, ജില്ലാ സർവൈലൻസ് ഓഫീസർ, ജില്ലാ |

| | |
|---|---|
| | മലേറിയ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്, ബയോളജിസ്റ്റ്, ജില്ലാ ലാബ് ടെക്നീഷ്യൻ എന്നിവർ പ്രവർത്തിക്കുന്നു. സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ, അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ഡെപ്യൂട്ടി ഡയറക്ടർ (എൻ.വി.ബി.ഡി.സി.പി), അസി. ഡയറക്ടർ (പൊതുജനാരോഗ്യം), അസി. ഡയറക്ടർ (എന്റമോളജി), അസി. ഡയറക്ടർ (മലേറിയ) എന്നിവർ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും, കാലാകാലങ്ങളിൽ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. |
| (സി) ത്രിതല പഞ്ചായത്തുകൾ മുഖേന രോഗപ്രതിരോധ നടപടി സ്വീകരിച്ചുവരുന്നുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ